20 ഒക്ടോബർ 20
വാല്യം. 36
ലക്കം. 19

മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 20-10-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

മത പരിവർത്തനം നടത്തിയാൽ സംവരണ ആനുകൂല്യം ലഭിക്കില്ല: സുപ്രീം കോടതി



ന്യൂഡൽഹി: ഇസ്‌ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യുന്ന ഒരാൾക്ക് മതപരിവർത്തനത്തിന് മുമ്പുണ്ടായിരുന്ന പദവിയുടെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗങ്ങൾക്കുള്ള സംവരണത്തിന് അർഹതയുണ്ടായിരിക്കില്ലെന്ന് സുപ്രീം കോടതി. ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര, ജസ്റ്റിസ് ശ്രീ ചന്ദ്രശേഖർ എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് വിധി. മറ്റൊരു മതത്തിലേക്ക് മതം മാറിയ ഒരാളുടെ സാമൂഹിക പിന്നാക്കാവസ്ഥ, ഹിന്ദു സാമൂഹിക വ്യവസ്ഥയിൽ നിന്ന് മറ്റൊരു മതപരമായ സാമൂഹിക വ്യവസ്ഥയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയില്ലെന്ന് ബെഞ്ച് വിധിച്ചു.

ഇസ്‌ലാം മതം സ്വീകരിക്കുന്ന ഒരാൾക്ക് മതം മാറിയെന്ന കാരണത്താൽ മാത്രം 'പിന്നോക്ക വിഭാഗം (മുസ്‌ലിം)' എന്ന വിഭാഗത്തിൽ സംവരണത്തിന് അവകാശവാദമുന്നയിക്കാനാവില്ലെന്ന്

(ശേഷം പേജ് 4)

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക.

9961720195



ജൂതസ്മാരകങ്ങൾ അപകടത്തിൽ

ഒടുവിൽ അവർ കേരളത്തിലും എത്തി!

സ്റ്റാൻലി ജോർജ്

ന്യൂയോർക്ക്: ലോകമെങ്ങും ജൂതന്മാർ പീഡിപ്പിക്കപ്പെട്ടപ്പോഴും അവർ സുരക്ഷിതമായി കഴിഞ്ഞിരുന്ന കേരളത്തിലെ ജൂത സ്മാരകങ്ങൾ തീവ്രവാദ സംഘടനകൾ ലക്ഷ്യമിടുന്നു. എറണാകുളത്തെ കടവുംഭാഗം സിനഗോഗിന് നേരെ നടന്ന തീവെയ്പു സംഭവത്തിന്റെ പിന്നിൽ തീവ്രവാദ ബന്ധമുണ്ടെന്ന നിഗമനത്തിലേക്കാണ് റിപ്പോർട്ടുകൾ സൂചന നൽകുന്നത്.

അടുത്ത സമയത്ത് മട്ടാഞ്ചേരി സിനഗോഗിന് നേരെ ബോംബ് ഭീഷണിയുണ്ടായിരുന്നു. കേരളത്തിലെ ജൂത അടയാളങ്ങളുള്ള പല കെട്ടിടങ്ങളും അഗ്നിക്കിരയാക്കുകയോ തകർക്കുകയോ ചെയ്തിട്ടുണ്ട്.ജൂതന്മാരുടെ പല സ്ഥലങ്ങളും കയ്യേറി കഴിഞ്ഞു.

കേരളത്തിൽ 12 സിനഗോഗുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 7 എണ്ണം സന്ദർശകയോഗ്യമാണ്. ഏറ്റവും പുരാതനമായത് മട്ടാഞ്ചേരി പരദേശി സിനഗോഗ് ആണെങ്കിലും മനോഹരമായ സിനഗോഗ് എറണാകുളത്തെ കടവുംഭാഗത്തേതാണ്. ക്രിസ്തുവിനും 300 വർഷം മുമ്പേ കേരളത്തിൽ ജൂതസാന്നിധ്യം ഉണ്ടായിരുന്നു. കൊടുങ്ങല്ലൂരിലെ മുസരീസ് തുറമുഖത്ത് വിദേശികൾ സുഗന്ധവ്യഞ്ജനങ്ങൾ തേടി എത്തിയിരുന്നു. കൊടുങ്ങല്ലൂരിലെ പട്ടണം ഗവേഷണം കേരളത്തിലെ ജൂത സാന്നിധ്യം സ്ഥിരീകരിക്കുന്നു. തോമാശ്ലീഹ എ ഡി 52ൽ മുസരീസ് തുറമുഖത്ത് വന്നിറങ്ങിയത് യഹൂദന്മാരുടെ ഇടയിലേക്കാണ്. ഏഴരപ്പള്ളികൾ എന്നറിയപ്പെടുന്ന 8 ജൂത ക്രൈസ്തവ സമൂഹങ്ങളും ജലാശയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

കേരളത്തിലെ ജൂത പൈതൃ

(ശേഷം പേജ് 4)



മരുപ്പച്ച യാത്രാസംഘം കടവുംഭാഗം സിനഗോഗിൽ

പരമോന്നത കോടതിയിലുള്ള പ്രതീക്ഷ നഷ്ടപ്പെട്ടെന്ന് കപിൽ സിബൽ

ന്യൂഡൽഹി: പൗരന്മാരുടെ മൗലികാവകാശ സംരക്ഷണത്തിനായി സുപ്രീം കോടതിയെ വീണ്ടും വീണ്ടും സമീപിച്ച് തനിക്ക് മടുത്തെന്നും, പരമോന്നത കോടതിയിൽ ഇനി വലിയ പ്രതീക്ഷയൊന്നുമില്ലെന്നും മുതിർന്ന അഭിഭാഷകനും രാജ്യസഭാംഗവുമായ കപിൽ സിബൽ വ്യക്തമാക്കി. നിലവിലെ സാഹചര്യത്തിൽ ഭരണഘടനയെ സംരക്ഷിക്കാൻ ശേഷിയുള്ള ഏക സ്ഥാപനം സുപ്രീം കോടതി മാത്രമാണെങ്കിലും, കോടതിയെ സമീപിച്ച് താൻ തളർന്നതായി അദ്ദേഹം വാർത്താസമ്മേളനത്തിൽപറഞ്ഞു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനും എസ്ഐആർ പ്രക്രിയയ്ക്കുമെതിരെ ഡൽഹി ജന്തർ മന്തറിൽ നടന്ന പ്രതിഷേധങ്ങൾക്കും പ്രതിഷേധക്കാർക്കെതിരെ പോലീസ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്കും പിന്നാലെ നടത്തിയ വാർത്താസമ്മേളനത്തിലാണ് സിബലിന്റെ പ്രതികരണം.



വോട്ടർ പട്ടികയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് വോട്ടർമാരുടെ പേരുകൾ അന്യായമായി നീക്കം ചെയ്യുന്നതും ഉൾപ്പെടുത്തുന്നതും ചൂണ്ടിക്കാട്ടി മാസങ്ങളോളം സുപ്രീം കോടതിയിൽ വാദിച്ചെങ്കിലും യാതൊരു ആശ്വാസവും ലഭിച്ചില്ലെന്ന് സിബൽ ആരോപിച്ചു. പശ്ചിമ ബംഗാളിലെ അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ എത്തിയ അപ്പീലുകളിൽ 93 ശതമാനത്തിലും വോട്ടർമാരുടെ പേരുകൾ പുനഃസ്ഥാപിക്കപ്പെട്ടത് പേരുകൾ തെറ്റായി നീക്കം ചെയ്തതിന് തെളിവാണെന്നും വോട്ടർ പട്ടികയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് വോട്ടർമാരുടെ

(ശേഷം പേജ് 6)

മണ്ണിനടിയിൽ നിന്ന് പുറത്തുവന്ന 25 ടൺ പഴക്കമുള്ള വിശ്വാസസാക്ഷ്യം

റവ. ഷാജി കാരയ്ക്കൽ

ജെറുസലേം: ഇസ്രായേലിലെ കിര്യാത് ഗാത്തിൽ പുരാവസ്തു ശാസ്ത്രജ്ഞർ ഏകദേശം 2,000 വർഷം പഴക്കമുള്ള 'മിക്വെ' എന്നു വിളിക്കപ്പെടുന്ന ഒരു യഹൂദ വിശ്വാസ ആചാരങ്ങളുടെ ഭാഗമായ സ്നാനക്കുളം കണ്ടെത്തി.

യേശുവിന്റെ ജീവിതകാലത്ത് നിലനിന്ന രണ്ടാം ദേവാലയ കാലഘട്ടത്തിൽപ്പെട്ടതാണ് ഈ കുളം. ഇവിടെ ഇപ്പോൾ നടക്കുന്ന നിർമാണപ്രവർത്തനങ്ങൾക്കിടയിലാണ് ഇത് കണ്ടെത്തിയത്. ഏകദേശം 25 ടൺ ഭാരമുള്ളതിനാൽ, 300 ടൺ ശേഷിയുള്ള വമ്പൻ ക്രെയിൻ ഉപയോഗിച്ചാണ് കുളം കേടുപാടില്ലാതെ മണ്ണിൽ നിന്ന് ഉയർത്തിയത്.



പുരാവസ്തു ഗവേഷകർക്ക് ഇവിടെ കല്ലിൽ നിർമ്മിച്ച ആചാരപാത്രങ്ങളും ലഭിച്ചു. യഹൂദരുടെ ശുദ്ധീകരണ ആചാരങ്ങളുമായി ബന്ധപ്പെട്ടിരുന്ന ഈ വസ്തുക്കൾ, അന്നത്തെ ജനങ്ങളുടെ വിശ്വാസജീവിതത്തെക്കുറിച്ച് കൂടു

(ശേഷം പേജ് 6)

കൊച്ചുപ്പാപ്പൻ

ഇസ്ലാമിക തീവ്രവാദികൾ
ക്രിസ്ത്യൻ നാമധാരികളെ
ഉപയോഗിക്കുന്നു
- കെവിൻ പീറ്റർ, കാസ



കാസയെ സംഘപരിവാർ വലയിൽ വീഴ്ത്തിയതു പോലെ!

കടവുംഭാഗം ജ്യൂത സിനഗോഗ് ആക്രമണത്തിന് പിന്നിൽ പാക് ചാര സംഘടന?

കൊച്ചി: എറണാകുളം മാർക്കറ്റിലെ കടവുഭാഗം സിനഗോഗ് ആക്രമണക്കേസിൽ അറസ്റ്റിലായ പുത്തൻകുരിശ് ഐക്കരനാട് സ്വദേശി എബിൻ ബി. പോളിന് സിനഗോഗ് തീകൊളുത്തി നശിപ്പിക്കാൻ 10 ലക്ഷം രൂപ വാഗ്ദാനം ചെയ്തതായും ആക്രമണത്തിന്റെ സൂത്രധാരനായ പാക്കിസ്ഥാൻ ബോസ് പ്രതിക്ക് ആയുധങ്ങൾ എത്തിച്ചുനൽകാൻ നീക്കം നടത്തിയതായും കണ്ടെത്തൽ. ഇതുസംബന്ധിച്ച് പ്രതിയും ആസൂത്രകനും നടത്തിയ സമൂഹമാധ്യമത്തിലെ ചാറ്റിന്റെ നിർണായക വിവരങ്ങൾ പൊലിസ് കണ്ടെടുത്തു.



ആക്രമണം നടത്തിയത് ബോസ് എന്നയാളുടെ നിർദേശ പ്രകാരമാണെന്നാണു പ്രതി പൊലിസിന് മൊഴി നൽകിയിട്ടുള്ളത്. എന്നാൽ ആരാണെന്ന് ഇനിയും വ്യക്തമായിട്ടില്ല. യഹൂദ ആരാധനാലയങ്ങൾ ഉൾപ്പടെ രാജ്യത്തെ വിവിധ നഗരങ്ങളിൽ ആക്രമണം നടത്തുന്നതു സംബന്ധിച്ച സന്ദേശങ്ങളും വിദേശബന്ധമുള്ള ഗ്രൂപ്പുകളുമായുള്ള ആശയവിനിമയങ്ങളും ഫോണിൽ നിന്നു ലഭിച്ചിട്ടുണ്ട്. പ്രതിയുമായി ആശയ വിനിമയം നടത്തിയ മറ്റൊരാളെക്കുറിച്ചും പൊലിസ് അന്വേഷണം നടത്തുന്നുണ്ട്.

ആയുധം വാങ്ങുന്നതുസംബന്ധിച്ച് ഇവർ നടത്തിയ ചാറ്റിൽ പറയുന്നുണ്ട്.

വാഗ്ദാനം ചെയ്ത 10 ലക്ഷം രൂപയിൽ മുൻകൂറായി രണ്ടു ലക്ഷം രൂപ എബിന് നൽകിയതിനും തെളിവ് ലഭിച്ചു. കൊച്ചിക്കു ശേഷം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും സമാനരീതിയിൽ ആക്രമണം നടത്താൻ ഇവർ പദ്ധതിയിട്ടിരുന്നതായാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. പാക്കിസ്ഥാനുമായി ബന്ധമുള്ള ടെലിഗ്രാം അക്കൗണ്ടുകളും ഹിന്ദിയിലുള്ള ചാറ്റുകളും എബിന്റെ ഫോണിൽനിന്നു കണ്ടെത്തി. ഈ ടെലിഗ്രാം അക്കൗണ്ടിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടു ടെലിഗ്രാമിന് നോട്ടീസ് നൽകുമെന്ന് പൊലിസ്

(ശേഷം പേജ് 6)

ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം


സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമൂട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ഞു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com




www.maruppacha.com

മരുപ്പച്ച

വെബ്സൈറ്റിൽ

Email: maruppacha @gmail.com
Whatsapp: 9961720195, 9961103983



വാൻവാട്ടുവിലേക്ക് ക്രിസ്തുവിനെ ക്ഷണിച്ചപ്പോൾ...!




ഷാജി മാറാനാഥാ

മൃഗങ്ങളെക്കാൾ അധഃപതിച്ച കുറെ മനുഷ്യർ. സഹജീവിയായ മനുഷ്യർ പിടഞ്ഞ് മരിക്കുന്നത് കണ്ട് ആർത്തട്ടഹസിച്ച് ആഘോഷിക്കുന്നവർ. ഭർത്താവ് മരിച്ചാൽ ഭാര്യയേയും വെട്ടിനുറുക്കി ശവക്കുഴിയിലിട്ട് മറവ് ചെയ്യുന്നവർ. പരിഷ്കൃത മനുഷ്യർ ഏറ്റം രുചിയുള്ള ഭക്ഷണമാക്കുന്നവർ. നീതിയോ ന്യായമോ, മനുഷ്യത്വമോ, ദയയോ കരുണയോ ഇല്ലാത്ത ഒരു കൂട്ടം മനുഷ്യർ.... ഇടംകയ്യും വലംകയ്യും തിരിച്ചറിയാത്ത കൊടും ക്രൂരന്മാരായ ആ ജനതയെക്കുറിച്ച് യൂറോപ്യൻ വ്യാപാരികളിൽ നിന്ന് കേട്ടറിഞ്ഞ മിഷണറിമാരാണ് അവരുടെ ഉദ്ധാരണത്തിനുള്ള പാത വെട്ടിത്തുറന്നത്. തെക്കൻ പെസഫിക്കിലെ, സ്കോട്ട്ലന്റിന്റെ പടിഞ്ഞാറൻ തീരത്തെ ന്യൂ ഹൈബ്രിഡീസ് ദ്വീപ് സമൂഹങ്ങൾ (ഇപ്പോൾ വാനുവാട്ടു എന്ന പേരിലറിയപ്പെടുന്നു) ഇന്ന് ഫലഭൂയിഷ്ഠമായ കാർഷിക പ്രദേശങ്ങളാണ്. തെങ്ങിന്റേയും ഈന്തപ്പനകളുടേയും കൊക്കോത്തോട്ടങ്ങളുടേയും അടക്കം കാർഷിക വിഭവങ്ങളാൽ സമൃദ്ധമായ നാട്. ഒപ്പം ഇന്ന് ശാന്തിയും സമൃദ്ധിയും ഇവിടുത്തെ ജനത അനുഭവിക്കുന്നു. അവരുടെ മുൻകാല ജീവിതകഥ കേൾക്കുമ്പോഴാണ് മുകളിൽ എഴുതിയ വരികളുടെ അർത്ഥം നമ്മെ അത്ഭുതപ്പെടുത്തുന്നത്. കൊടുംക്രൂരതയ്ക്ക് പേരു കേട്ട നരഭോജികൾ അധിവസിച്ചിരുന്ന ഇവിടം ശാന്തിയുടെ വിളനിലമാക്കിയതിന് പിന്നിൽ ചില മിഷണറിമാരുടെ ത്യാഗത്തിന്റെ ചരിത്രം മറഞ്ഞ് കിടക്കുന്നുണ്ട്. 1980 ൽ മാത്രം സ്വതന്ത്രറിപ്പബ്ലിക്കായി വാൻവാട്ടു എന്ന് പേർ സ്വീകരിച്ച ഈ ചെറുരാജ്യത്ത് ഇന്ന് നിരവധി ക്രിസ്തീയ ആരാധനാലയങ്ങൾ തലയുയർത്തി നിൽക്കുന്നു. 3 ലക്ഷത്തിന് താഴെ മാത്രം വരുന്ന ജനസംഖ്യയിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളാണ്, ഭൂരിപക്ഷം പ്രൊട്ടസ്റ്റന്റുകാരും 12 ശതമാനം കത്തോലിക്കരും ഉള്ള വാൻവാട്ടിൽ ദൈവവിശ്വാസത്തിന് വളരെ പ്രാധാന്യമുണ്ട്. ജനതയിൽ നല്ലൊരു ശതമാനവും പ്രസ്ബിറ്റേറിയൻകാരാണ്. ബാപ്റ്റിസ്റ്റ്, പെന്തെക്കോസ്തു സഭകൾക്കും പ്രാമുഖ്യമുണ്ട്. 61 കാരനായ പ്രസിഡന്റ് ടാലീസ് ഓബെഡ് മോസസ് ഓസ്ട്രേലിയായിലെ സിഡ്നി മിഷനറി ബൈബിൾ കോളേജ്, ഓസ്ട്രേലിയയിലെ അലൻ വാക്കർ സ്കൂൾ ഓഫ് ഇവാഞ്ചലിസം എന്നിവിടങ്ങളിൽ നിന്ന് വേദശാസ്ത്രത്തിലും മിഷനിലും ഡിപ്ലോമയും ഉന്നത ബിരുദവും നേടിയിട്ടുള്ള ആളാണ്. മുൻ പ്രസിബിറ്റേറിയൻ പാസ്റ്ററും വേദശാസ്ത്രകാരനുമായ അദ്ദേഹം,രാജ്യത്തെ 9-ാമത് പ്രസിഡന്റാണ്. യൂറോപ്യന്മാർ വ്യാപാരവസ്തുക്കൾക്കായി പായ്ക്കപ്പലുകളിൽ ദ്വീപുകൾ പരതി നടക്കുന്ന കാലത്ത് 1606 ൽ അവരുടെ ശ്രദ്ധയിൽപ്പെട്ടതായ ദ്വീപ് സമൂഹമാണ് ന്യൂ ഹൈബ്രിഡീസ് എന്ന് പിൽക്കാലത്ത് അറിയപ്പെട്ട പുരാതന ഗോത്ര വർക്കാരുടെ ദേശം. അതിന് മുമ്പ് പല പേരുകളിലാണ് ഇവിടം അറിയപ്പെട്ടിരുന്നത്. പോർച്ച്ഗീസ് നാവികനായ പെട്രോസ് ഫെർണാണ്ടസ് ഡി കെയ്റോസ് ആണ് ആദ്യം ഇവിടേക്കെത്തിച്ചേർന്നത്. രക്തചന്ദനമരങ്ങളടക്കം വിലപ്പെട്ട പ്രകൃതിസമ്പത്ത് കൊണ്ട് നിറഞ്ഞ് നിന്നിരുന്ന ഈ ദ്വീപുകളുടെ ഉൾക്കാടുകളിൽ കൊക്കോയും തേങ്ങയും വാഴപ്പഴങ്ങളും അവർ കണ്ടെത്തിയതോടെ നാവികരുടെ സ്ഥിരസന്ദർശനകേന്ദ്രമായി ഇവിടം. ക്രൂരരായ നരഭോജികൾ വാസം ചെയ്തിരുന്ന ഇവിടേക്ക് യൂറോപ്യന്മാർ ആയുധവുമായി എത്തി അവരെ വിരട്ടിയോടിച്ച് പ്രകൃതി നന്മകളെ ചൂഷണം ചെയ്തെങ്കിലും ഇവിടുത്തെ ആദിമ ജനതയ്ക്ക് വേണ്ടി അവരൊന്നും ചെയ്തില്ല. അവരുമായി എപ്പോഴും പോരാട്ടത്തിലായിരുന്നു യൂറോപ്യന്മാർ. നിറതോക്കിന് മുന്നിൽ പിടിച്ച് നിൽക്കാനാകാതെ വനവാസികൾ നിരന്തരം കൊല്ലപ്പെടുന്ന അവസ്ഥയായിരുന്നു. ആദ്യം ബ്രിട്ടീഷുകാരും പ്രിന്നീടും ഫ്രഞ്ചുകാരും പിന്നീടും ഇരുകൂട്ടരും ഒരുമിച്ചും ഇവിടെ കോളനിവാഴ്ച നടത്തി. യൂറോപ്പിൽ നിന്ന് നിരവധി തൊഴിലാളികളും കുടിയേറ്റക്കാരും ഇവിടേയ്ക്ക് കടൽ കടന്നുവന്നു പരുത്തിതോട്ടങ്ങളും പഴത്തോട്ടങ്ങളും ഉണ്ടാക്കി വലിയ നിലയിൽ കാർഷിക വിഭവങ്ങൾ ഉത്പാദിപ്പിച്ചു. പിന്നാലെ കൊളോണിയൽ നിയമങ്ങളും ഇവിടെ അടിച്ചേൽപ്പിക്കപ്പെട്ടു. പരിഷ്കൃതവാസികൾ ദ്വീപുകൾ കയ്യടക്കിയതോടെ ഗത്യന്തരമില്ലാതെ ഗോത്രവാസികൾ ഉൾക്കാടുകളിലേക്ക് കയറിപ്പോയി. തരം കിട്ടുമ്പോഴൊക്കെ വിദേശികളെ വിഷ അമ്പെയ്ത് കൊന്നും അവരുടെ മാംസം ഭക്ഷിച്ചും അവർ പ്രതികാരം ചെയ്തു പോന്നു. ഇടംകയ്യും വലംകയ്യും തിരിച്ചറിയാത്ത കൊടുംക്രൂരന്മാരായ ആ ജനതയെക്കുറിച്ച് വ്യാപാരികളിൽ നിന്ന് കേട്ടറിഞ്ഞ മിഷണറിമാരാണ് അവരുടെ ഉദ്ധാരണത്തിനുള്ള പാത വെട്ടിതുറന്നത്. അതിന് നിരവധി മിഷണറിമാർക്ക് തങ്ങളുടെ ജീവൻ തന്നെ വിലയായി നൽകേണ്ടതായും വന്നു. നിരവധി മിഷണറിമാർ ഇവിടെയെത്തിയതായി ചരിത്രത്തിൽ പറയുന്നുയെങ്കിലും കനേഡിയനായ റോമൻ കത്തോലിക്ക മിഷണറി ജോൺ ഗെഡ്ഡിക്ക് ശേഷം എത്തിയ സ്കോട്ടീഷ് പ്രൊട്ടസ്റ്റന്റ് മിഷണറി ജോൺ ഗിബ്സൻ പാറ്റൻ ആണ് ഈ ദ്വീപ് സമൂഹങ്ങളിൽ വലിയ മാറ്റത്തിന് വഴി തെളിച്ചത്.

വാൻവാട്ടു എന്ന പഴയ ഹൈബ്രിഡീസ് ദ്വീപു സമൂഹങ്ങളുടെ മാനസാന്തരം ലോക ചരിത്രത്തിലെ അത്ഭുത രേഖകളിൽ കുറിക്കപ്പെട്ടിരിക്കുന്നു. കൊടും ക്രൂരരായ ഹൈബ്രിഡിസ് ഗോത്രക്കാരെ മെരുക്കാനാകാതെ വന്നപ്പോൾ കച്ചവട താത്പര്യത്തോടെ ദ്വീപുകളിലെത്തിയ യൂറോപ്യന്മാർക്ക് തോക്കെടുക്കേണ്ടി വന്നു. ഗോത്രവാസികളെ കൊന്ന് തള്ളി അവർ ദ്വീപുകളിലെ പ്രകൃതി സമ്പത്ത് കൈവശപ്പെടുത്തി, ആധിപത്യമുറപ്പിച്ചു. എന്നാൽ അവരുടെ പിന്നാലെ വന്ന മിഷണറിമാർ ഈ ജനതയോടു കാട്ടിയത് സ്നേഹവും കരുതലും അവർക്ക് സമ്മാനിച്ചത് ജീവ സന്ദേശവുമായിരുന്നു. ആ ജനതയുടെ വിമോചനത്തിനായി ചില മിഷണറിമാർ ജീവൻ തന്നെ ദാനം നൽകി. കാലക്രമത്തിൽ അവർ പകർന്ന ദൈവസ്നേഹം ആ നരഭോജികളെ നരസ്നേഹികളാക്കി മാറ്റി..!



വാനുവാട്ടു സിറ്റിയിലെ ജോൺ ഗിബ്സൺ പാറ്റൻ മെമ്മോറിയൽ പ്രസ്ബിറ്റേറിയൻ ചർച്ച്



ഹൈബ്രിഡീസ് ദ്വീപുകളുടെ മാനസാന്തരത്തിന് സാക്ഷ്യം വഹിച്ച പ്രഥമ പ്രൊട്ടസ്റ്റന്റ് മിഷനറി ജോൺ പാറ്റൻ

'മരിച്ച ഭർത്താവിന്റെ ശവക്കുഴി നിറയ്ക്കുവാൻ ഭാര്യയുടെ കഴുത്തു ഞെരിച്ചുകൊന്ന് അതിലിടുന്നു. പ്രായാധിക്യത്തിലെത്തുന്നവർ മറ്റുള്ളവർക്ക് ഭാരമാകുന്നതിനാൽ അവരെ ഗദയ്ക്ക് അടിച്ചു വകവരുത്തുന്നു. സ്വാഭാവികമായി മരണത്തിന്റെ പോലും ഉത്തരവാദിത്തം മറ്റുള്ള ആളുകളിൽ ചുമത്തിയശേഷം അവരെ പതിയിരുന്ന് കൊല്ലുന്നു. കൊലപാതകങ്ങൾ അനുദിന ജീവിതചര്യയുടെ ഭാഗമായി ജനം കാണുന്നു. മനുഷ്യമാംസം ചുട്ട് അടപോലെ തിന്നുതീർക്കുകയും കരുതിവയ്ക്കുകയും ചെയ്യുന്നു.....

ജോൺ പാറ്റൻ എന്ന സ്കോട്ട്ലന്റ് മിഷനറി ഹൈബ്രിഡീസ് ദ്വീപു സമൂഹത്തിലൊന്നിൽ ഇറങ്ങിയ ദിവസങ്ങളിൽ നിരന്തരം

(ശേഷം പേജ് 4)



വചനപ്രകാരം 23

പി.എസ്. ചെറിയാൻ

പരീശഭക്തിയും പരമാർത്ഥതയും



ഇന്നത്തെ ആത്മീയത പ്രദർശിപ്പിക്കപ്പെടുന്നത് വേദികളിലാണ്, സ്വഭാവത്തിലോ പ്രവൃത്തിയിലോ അല്ല. സഭ ആത്മീയതയുടെ തലം വിട്ട് സംഘടനയുടെ രൂപം പ്രാപിച്ചിരിക്കുന്നു. സുവിശേഷ പ്രവർത്തകർ സംഘടനയുടെ ഉദ്യോഗസ്ഥന്മാരായി മാറിപ്പോയി. ജീവിതത്തിലും ശുശ്രൂഷയിലും ക്രിസ്തുദർശനവും സാർവ്വത്രികമായ സഭാ അവബോധവും നഷ്ടമാവുകയും ചെയ്തു.

'ദൈവം നമ്മെ രക്ഷിച്ചത് നമ്മെ സന്തോഷവാന്മാരാക്കുവാൻ അല്ല, വിശുദ്ധരാക്കുവാനാണ്' എന്ന് പ്രസിദ്ധ ക്രൈസ്തവ ചിന്തകൻ വാൻ ഹാവ്നർ പറഞ്ഞത് നാം ജീവിത സൗഭാഗ്യം ആഗ്രഹിക്കുന്നതിനേക്കാൾ വിശുദ്ധജീവിതം നയിക്കുവാൻ ആഗ്രഹിക്കണം എന്ന അർത്ഥത്തിലാണ്. വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പുലർത്തുവാൻ കഴിയുന്നവർക്കേ വിശുദ്ധരായിരിക്കുവാൻ കഴിയൂ. കഷ്ടതയും വിമർശനവും ഉപദ്രവും ഏൽക്കുമ്പോൾ നമ്മുടെ ക്രിസ്തീയ സാക്ഷ്യം ശോധന ചെയ്യപ്പെടുകയാണ്. ആദിമ വിശ്വാസികളുടെയും ഭക്തന്മാരായ മിഷനറിമാരുടെയും പീഡനത്തിന്റെ അടയാളങ്ങൾ പോലും സുവിശേഷത്തിന്റെ സാക്ഷ്യമായിരുന്നു എന്നു കാണാം.

ബർമയുടെ അപ്പൊസ്തലൻ എന്ന് അറിയപ്പെടുന്ന അഡോണിറാം ജെഡ്സൺ അവിടെ ഒട്ടുവളരെ കഷ്ടതകൾ സഹിച്ചു. 17 മാസം ജയിലിൽ ബന്ദിതനായി കിടന്നതിന്റെ പാടുകൾ അദ്ദേഹത്തിന്റെ കാലിൽ ഉണ്ടായിരുന്നു. ജയിലിൽ നിന്നിറങ്ങിയപ്പോൾ മറ്റൊരു പ്രദേശത്ത് സുവിശേഷം അറിയിക്കുവാൻ അനുവാദം ചോദിച്ചെങ്കിലും ബർമയിലെ രാജാവ് അപേക്ഷ നിഷേധിച്ചു. 'എന്റെ രാജ്യത്തെ ജനങ്ങൾ ഒരു മിഷനറിയുടെ വാക്കുകൾ കേൾക്കുവാൻ വിഡ്ഢികളല്ല എങ്കിലും നിന്റെ കാലിലെ പാടുകൾ അവരെ നിന്റെ മതത്തിൽ വിശ്വസിക്കുവാൻ പ്രേരകമായേക്കും എന്ന് ഞാൻ ഭയപ്പെടുന്നു' എന്നാണ് രാജാവ് പറഞ്ഞത്.

ഇന്ന് സഹനത്തിന്റെയും വിശുദ്ധിയുടെയും അനുഭവത്തിനു പകരം ആഢംബരവും ഐശ്വര്യവും ആഗ്രഹിക്കുന്നവരാണ് വിശ്വാസികളിൽ നല്ല പങ്കും. വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടാത്ത കപടആത്മീയത ലോകം തിരിച്ചറിയുന്നതുകൊണ്ട് സുവിശേഷം അംഗീകരിക്കപ്പെടുന്നില്ല. അതുകൊണ്ട് ക്രിസ്തുവിനെ വിശ്വസിക്കുവാൻ ജനം തയ്യാറാകുന്നില്ല.

ക്രിസ്തുവിന്റെ കാലത്തെ പരീശന്മാർ വിമർശിക്കപ്പെട്ടത് അവരുടെ ഉപദേശം തെറ്റായതുകൊണ്ടല്ല, ഉപദേശത്തിന് അനുസരിച്ച് ജീവിക്കാഞ്ഞതുകൊണ്ടാണ്. നിയമവാദപരമായി ദൈവത്തിന്റെ പ്രമാണങ്ങളെ സ്വീകരിക്കുകയും സാധാരണ ജനത്തിന്റെ നീതി നിഷേധിക്കുകയുമാണ് അവർ ചെയ്തത്. ആധുനിക ക്രിസ്ത്യാനിത്വത്തിന് ഇവരിൽ നിന്നും വളരെ അകലം ഇല്ല.

ഇന്നത്തെ ആത്മീയത പ്രദർശിപ്പിക്കപ്പെടുന്നത് വേദികളിലാണ്, സ്വഭാവത്തിലോ പ്രവൃത്തിയിലോ അല്ല. സഭ ആത്മീയതയുടെ തലം വിട്ട് സംഘടനയുടെ രൂപം പ്രാപിച്ചിരിക്കുന്നു. സുവിശേഷ പ്രവർത്തകർ സംഘടനയുടെ ഉദ്യോഗസ്ഥന്മാരായി മാറിപ്പോയി. ജീവിതത്തിലും ശുശ്രൂഷയിലും ക്രിസ്തുദർശനവും സാർവ്വത്രികമായ സഭാ അവബോധവും നഷ്ടമാവുകയും ചെയ്തു.

ഉപദേശരൂപങ്ങളുടെ വൈവിധ്യമാണ് മറ്റൊരു അപകടം. ഓരോ സഭയും ഓരോ വിശ്വാസമുള്ളവരാണ്. തമ്മിൽ അംഗീകരിക്കാതെ സ്വയനീതീകരണത്തിൽ നിന്നുളവാകുന്ന പരീശഭക്തി ഈ അപകടാവസ്ഥയ്ക്ക് ആഴം വർദ്ധിപ്പിക്കുന്നു. ക്രിസ്തു പഠിപ്പിച്ച സ്നേഹത്തിന്റെ മതം മറക്കപ്പെട്ടിരിക്കുകയാണ്. താൻ മാത്രം ശരി മറ്റുള്ളവരെല്ലാം തെറ്റ് എന്ന മനോഭാവം ആത്മീയ അഹങ്കാരത്തിലേക്ക് നയിക്കുന്നു.

ക്രിസ്തീയ സഭയ്ക്ക് പീഡനം വർധിച്ചുവരുന്ന കാലമാണിത്. ഉപദേശവും ജീവിതവും ഒരുപോലെ ആയില്ലെങ്കിൽ സഭ കൂടുതൽ കുഴപ്പത്തിലേക്ക് നീങ്ങും പ്രശ്നങ്ങളുടെ ചൂട് കൂടുമ്പോഴാണ് യഥാർത്ഥ ആത്മീയ സ്വഭാവം വെളിവാകുന്നത്.

റോമാക്കാർ മാർബിൾ പ്രതിമകൾ പരിശോധിക്കുന്ന ഒരു രീതിയുണ്ട്. അവർ പ്രതിമകൾ വെയിലത്ത് വയ്ക്കും. മാർബിൾ പ്രതിമയിൽ മെഴുകു ചേർത്തിട്ടുണ്ടെങ്കിൽ ആ ചൂടിൽ അത് ഉരുകിപ്പോകും. നാം പ്രശ്നങ്ങൾ നേരിടുമ്പോഴാണ് യഥാർത്ഥ അവസ്ഥ വെളിപ്പെടുന്നത്. ശുദ്ധമായ ആത്മീയ സ്വഭാവത്തിനു യോജിക്കാത്ത മെഴുകുകൾ അപ്പോൾ ഉരുകും. 'ഇരുമ്പിനെ നശിപ്പിക്കുവാൻ അതിന്റെ സ്വന്തം തുരുമ്പിനല്ലാതെ ആർക്കും കഴിയുകയില്ല' എന്ന് രത്തൻ ടാറ്റ എന്ന വ്യവസായി പറഞ്ഞ വാക്കുകൾ അർത്ഥവത്താണ്.

ഹൃദയപരമാർത്ഥതയും വിനയഭാവവും കർത്താവിന്റെ സ്വഭാവത്തിന്റെ പ്രതിഫലനവും നമ്മിൽ ഉരുവാകാത്തിടത്തോളം നാം ക്രിസ്തുവിന്റെ ശിഷ്യന്മാർ ആയിട്ടില്ല. ഈ തലമുറയിൽ പരമാർത്ഥതയോടെ ജീവിക്കുവാൻ നമുക്ക് സമർപ്പിക്കാം. 'എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്ക് പ്രസാദമായിരിക്കട്ടെ' (സങ്കീ. 19:4) എന്ന ദാവീദിന്റെ പ്രാർത്ഥന നമുടേതും ആകട്ടെ.

വാൻവാട്ടുവിലേക്ക് ക്രിസ്തുവിനെ ക്ഷണിച്ചപ്പോൾ..!

(3-ാം പേജ് തുടർച്ച)

കാണുന്ന കാഴ്ച ഇങ്ങനെയായിരുന്നു. ഇവരുടെ ഇടയിൽനിന്നും ദൈവത്തെ സ്നേഹിക്കുന്ന മനുഷ്യരെ വാർത്തെടുക്കുന്നതിനുള്ള വെല്ലുവിളി ജോൺ സ്വീകരിച്ചു. 1824ൽ സ്കോട്ട്ലെൻഡിൽ ജനിച്ച ജോണിന് ദൈവത്തെ സ്നേഹിക്കുന്നതിന് പ്രേരണ ലഭിച്ചത്, ദിവസം മൂന്നു പ്രാവശ്യമെങ്കിലും മുട്ടുകാലിൽനിന്നു കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന മാതാപിതാക്കളിൽ നിന്നുമായിരുന്നു.

പന്ത്രണ്ടു വയസുള്ളപ്പോൾ തന്നെ കർത്താവിന് ഹൃദയം സമർപ്പിക്കുകയും ഒരു മിഷനറിയായിത്തീരുന്നതിന് തീരുമാനിക്കുകയും ചെയ്ത ജോൺ തന്റെ ഉദ്ദേശ സാധ്യത്തിനായി ഗ്ലാസ്ഗോയിലെ ഒരു സെമിനാരിയിൽ ചേർന്ന് പഠനമാരംഭിച്ചു. വൈദ്യനും വൈദികനും ആകുന്നതിനുള്ള വിഷയങ്ങൾ അദ്ദേഹം തിരഞ്ഞെടുത്തു. ആ നഗരത്തിലെ ധാർമ്മികമായി അധഃപതിച്ചവരെ പുനരുദ്ധരിക്കുന്നതിനായി പ്രവർത്തിച്ചുവരുന്ന സിറ്റി മിഷനിൽ അദ്ദേഹം അംഗമായിത്തീർന്നത് ഇക്കാലത്തായിരുന്നു. ഈ മേഖലയിൽ പത്തു വർഷം വിശ്വസ്തതയോടുകൂടിയ പ്രവർത്തനത്തിൽ അദ്ദേഹം ചെലവിട്ടപ്പോൾ മദ്യപന്മാരും ദൈവത്തെ വെറുത്തിരുന്നവരുമായ പലരേയും അദ്ദേഹത്തിന് ലാഭമായി കിട്ടി.

യേശുവിനെപ്പറ്റി കേൾക്കുകപോലും ചെയ്യാതെ മരിച്ചുപോകുന്ന അനേകായിരങ്ങൾ പ്രത്യേകിച്ച് അന്യരാജ്യങ്ങളിലുള്ളവർ അദ്ദേഹത്തിന് ഒരു വലിയ ഭാരമായി ഇക്കാലത്ത് അനുഭവപ്പെട്ടു. അങ്ങനെയുള്ളവർ വസിക്കുന്ന രാജ്യങ്ങളിലേക്ക് ഒരു മിഷനറിയായി താൻ വിളിക്കപ്പെട്ടതായി അദ്ദേഹത്തിന് വെളിപ്പാടുണ്ടായി. ന്യൂഹെബ്രിഡീസിലെ മിഷനറിക്ക് ഒരു സഹായിയെ ആവശ്യമാണെന്ന് അദ്ദേഹം കേട്ടു. ഈ ആവശ്യത്തിലേക്ക് തന്നെത്തന്നെ സമർപ്പിച്ചു. സിറ്റിമിഷനിലെ ആൾക്കാർ, നരഭോജികൾ നിറഞ്ഞ ആ പ്രദേശത്തേക്ക് താൻ പോകുന്നതിനെ തടഞ്ഞുവെങ്കിലും ഒരിക്കൽ എന്നെ പുഴുക്കൾ തിന്നാനുള്ളതാണ്. യേശുവിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കിടയിൽ അത് നരഭോജികൾ ആയാൽ എത്ര നല്ലത് എന്നു പറഞ്ഞുകൊണ്ട് ഹെബ്രിഡീസിലേക്ക് പോകുന്നതിനെതിരെ സിറ്റി മിഷനിലെ സഹപ്രവർത്തകർ ഉണ്ടാക്കിയ സ്നേഹം നിറഞ്ഞ എതിർപ്പുകളെ അദ്ദേഹം അപ്രസക്തമാക്കി.

മത പരിവർത്തനം നടത്തിയാൽ സംവരണ ആനുകൂല്യം ലഭിക്കില്ല: സുപ്രീം കോടതി

(1-ാം പേജ് തുടർച്ച)

മദ്രാസ് ഹൈക്കോടതി വിധിച്ചിരുന്നു. ഈ വിധിക്കെതിരെ തമിഴ്നാട് സർക്കാർ സമർപ്പിച്ച ഹർജി തള്ളിക്കൊണ്ടാണ് സുപ്രീം കോടതിയുടെ നിരീക്ഷണം.


ഹിന്ദു അല്ലാത്ത ഒരു സാമൂഹിക വ്യവസ്ഥയിലേക്ക് മാറുന്നത് കൊണ്ട് മാത്രം ഒരാൾക്ക് ഏതെങ്കിലും പ്രത്യേക പിന്നാക്ക ജാതി വിഭാഗത്തിൽ അംഗത്വം ലഭിക്കുന്നില്ല. മതം മാറുന്നതിന് മുൻപ് ഒരാൾക്കുണ്ടായിരുന്ന ജാതിയോ സാമൂഹിക പദവിയോ, മതം മാറിയതിന് ശേഷമുള്ള സാമൂഹിക വ്യവസ്ഥയിൽ, സർക്കാർ വിജ്ഞാപനം ചെയ്ത ഏതെങ്കിലും പിന്നാക്ക വിഭാഗത്തിലേക്ക് നേരിട്ട് മാറ്റപ്പെടുകയില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. മതം മാറിയ മുസ്ലീങ്ങൾക്ക് സംവരണം നൽകാനുള്ള തമിഴ്നാട് സർക്കാരിന്റെ വിജ്ഞാപനം റദ്ദാക്കിക്കൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി ശരിവച്ചു. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവർക്ക് മതം മാറുന്നതിന്റെ പേരിൽ സംവരണ ആനുകൂല്യം നഷ്ടപ്പെടാൻ ഇടയാകരുതെന്നായിരുന്നു തമിഴ്നാട് സർക്കാരിന്റെ വാദം.

ജൂതസ്മാരകങ്ങൾ അപകടത്തിൽ

(1-ാം പേജ് തുടർച്ച)


ക സ്മാരകങ്ങൾ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഓരോ വർഷവും പതിനായിരക്കണക്കിന് ടൂറിസ്റ്റുകളാണ് ജൂത സംസ്കൃതിയുടെ സ്മാരകങ്ങൾ കാണാൻ എത്തുന്നത്. ഈ അടയാളങ്ങൾ ഇല്ലാതെയാക്കാനാണ് തീവ്രവാദ സംഘടനകൾ ലക്ഷ്യമിടുന്നത്. ജാഗ്രത പുലർത്തിയില്ലെങ്കിൽ കേരള ജൂത സ്മാരകങ്ങളുടെ അടയാളങ്ങൾ പോലും ശേഷിപ്പിക്കുകയില്ല

THE JEWISH INDIANS



By Dr. Abraham Benhur

- LOCATION OF EDEN
- THE GREAT FLOOD FAMILY OF NOAH
- ANCIENT HISTORY OF ARABS AND ISRAELIS
- THE LOST TEN TRIBES
- MIGRATORY ROUTE OF THE LOST TRIBES IN INDIA
- THE PATH OF DOLMENS; AN EVIDENCE OF THE MI- GRATION OF JEWISH LOST TRIBES
- FROM ISRAEL
- TO INDIAN SUB-CONTINENT
- MEGALITHS IN NORTH INDIA
- MEGALITHS IN SOUTH INDIA
- SIMILARITY WITH ISRAELI BURIAL CUSTOM
- NEW FINDINGS ON THE MEGALITHS
- JEWISH HINDUS
- JEWISH CHRISTIANS
- THE JEWISH CHRISTIAN FAMILIES
- JEWISH MUSLIMS
- THE JEWISH BACKGROUND OF INDIAN PEOPLE



DEEPTHI BOOKS
Planthottam Complex, Tiruvalla-1 | Ph: 9961720195

₹ 600
+ Postage

സാധു സുന്ദർ സിംഗിന്റെ ജീവിതം 'ഗവാഹ്: ദി വിറ്റ്നസ്' വെള്ളിത്തിരയിൽ

കോട്ടയം: ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിൽ ജീവിച്ചിരുന്ന ഏറ്റവും ശ്രദ്ധേയരായ ആത്മീയ വ്യക്തിത്വങ്ങളിൽ ഒരാളായ സാധു സുന്ദർ സിംഗിന്റെ ജീവിതത്തിലെയും പൈതൃകത്തിലെയും അധികമാരുമറിയാത്ത ഒരു അധ്യായം 'ഗവാഹ്: ദി വിറ്റ്നസ്' (GAWAH: The Witness) എന്ന ചിത്രത്തിലൂടെ വെള്ളിത്തിരയിലെത്തുന്നു.



ലിയോ തദേവൂസ് സംവിധാനം ചെയ്ത് കോശി ജോർജ് നിർമ്മിക്കുന്ന ഈ ചിത്രം, സാധു സുന്ദർ സിംഗിന്റെ അനന്തരവൻ കിഷൻ സിംഗിന്റെയും അനന്തരവൾ ശാന്ത കൗറിന്റെയും ഇതുവരെ പറയാത്ത കഥകളും അവരുടെ ജീവിതത്തിലെ അസാധാരണമായ സാഹചര്യങ്ങളുമാണ് പറയുന്നത്.

ശതാബ്ദിയുടെ നിറവിലേക്ക് മൗണ്ട് സിയോൺ ബൈബിൾ സെമിനാരി



മുളക്കുഴ: മുളക്കുഴ സീയോൻ കുന്നിൽ 1927ൽ റോബർട്ട് എഫ്. കുക്ക് (കുക്ക് സായിപ്പ്) ദൈവസഭയ്ക്കായി ആരംഭിച്ച മൗണ്ട് സിയോൺ ബൈബിൾ സെമിനാരി ശതാബ്ദി വർഷത്തിലേക്ക് പ്രവേശിക്കുന്നു.

2027 സെമിനാരിയുടെ നൂറാം വാർഷിക വർഷമാണ്. കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെ ആയിരക്കണക്കിന് ദൈവദാസന്മാരെ പരിശീലിപ്പിച്ച് ക്രിസ്തീയ ശുശ്രൂഷയ്ക്കായി സജ്ജരാക്കാൻ സെമിനാരിക്ക് കഴിഞ്ഞിട്ടുണ്ട്. ഇവരിൽ നിരവധി പേർ ദൈവസഭയുടെയും ക്രൈസ്തവ സമൂഹത്തിന്റെയും വിവിധ മേഖലകളിൽ നേതൃത്വപരമായ ഉത്തരവാദിത്വങ്ങൾ വഹിച്ചുവരുന്നു.

2026 നവംബർ 17ന് മുളക്കുഴ ദൈവസഭാ ആസ്ഥാനത്ത് ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കും. ദൈവസഭ സൗത്ത് ഏഷ്യൻ സൂപ്രണ്ട് റവ. ഡോ. സി. സി. തോമസ്, കേരള സ്റ്റേറ്റ് ഓവർസിയർ റവ. വൈ. റെജി, അസിസ്റ്റന്റ് ഓവർസിയർ റവ. ഡോ. ഷിബു കെ. മാത്യു, എഡ്യുക്കേഷൻ ഡയറക്ടർ റവ. ഡോ. ജയ്സൺ തോമസ്, സെമിനാരി പ്രിൻസിപ്പാൾ റവ. നോബിൾ ജേക്കബ്, കൗൺസിൽ അംഗങ്ങൾ, വിവിധ പെന്തെക്കോസ്ത് സഭാ നേതാക്കൾ, സഭാ ശുശ്രൂഷകന്മാർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും.

ഒരു നൂറ്റാണ്ട് പിന്നിട്ട സെമിനാരിയുടെ ദൈവിക ദൗത്യത്തിനും ഭാവി പ്രവർത്തനങ്ങൾക്കും പുതിയ ദിശാബോധം നൽകുന്ന ശതാബ്ദി ആഘോഷങ്ങളുടെ അനുഗ്രഹത്തിനായി ദൈവദാസന്മാരും ദൈവജനവും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് മൗണ്ട് സിയോൺ ബൈബിൾ സെമിനാരി അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് അഭ്യർത്ഥിച്ചു.

ന്യൂ ഇന്ത്യാ ദൈവസഭ നോർത്ത് ഇന്ത്യാ റീജിയൻ കൺവൻഷൻ




ഗ്വാളിയർ: ന്യൂ ഇന്ത്യ ദൈവസഭ നോർത്ത് ഇന്ത്യ 45ാം റീജിയൺ കൺവൻഷൻ നവംബർ 04 മുതൽ 08 വരെ ഗ്വാളിയറിലുള്ള ബെഥെസ്ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് എൻജിനീയറിങ് കോളേജിലെ ഗ്രൗണ്ടിൽ പ്രത്യേകം തയാറാക്കിയ പന്തലിൽ നടക്കും. ജനറൽ പ്രസിഡണ്ട് പാസ്റ്റർ ഡോ. ആർ. എബ്രഹാം 04 നു വൈകിട്ട് ആറു മണിക്ക് ഉദ്ഘാടനം ചെയ്യും. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ റ്റി.റ്റി. എബ്രഹാം അദ്ധ്യക്ഷത വഹിക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡോ. ആർ. ഏബ്രഹാം, ജനറൽ സെക്രട്ടറി പാസ്റ്റർ ബിജു തമ്പി, സിസ്റ്റർ ജോയ്സ് ഏബ്രഹാം, റവ.രഞ്ജിത് ഏബ്രഹാം, റവ.ഡോ. മാർലോ ഫിലിപ്പ്, റവ.ഡാമ്യൻ, പാസ്റ്റർ സാം വർഗീസ് തുടങ്ങിയവർ മുഖ്യസന്ദേശം നൽകും.

കൊടുമൺ യുപിഫ് കൺവൻഷൻ നവംബർ 26 മുതൽ

അടൂർ: കൊടുമൺ യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് ഏഴംകുളം മുതൽ ചന്ദനപ്പള്ളി വരെയുള്ള 15 സഭകൾ സംയുക്തമായി നടത്തുന്ന 17മത് ഗുഡ്ന്യൂസ് ഫെസ്റ്റിവൽ നവംബർ 26 വ്യാഴം മുതൽ 29 ഞായർ വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ കൊടുമൺ ടെലിഫോൺ എക്സ്ചേഞ്ചിന് സമീപം റോയൽ ഗ്രൗണ്ടിൽ നടക്കും. യുപിഫ് ജനറൽ പ്രസിഡന്റ് പാസ്റ്റർ ജി. സാംകുട്ടി ഉൽഘാടനം ചെയ്യും. പാസ്റ്റർ ഫെയിത്ത് ബ്ലസ്സൻ, സിസ്റ്റർ സുജ അനീഷ്, പാസ്റ്റർ പി.സി ചെറിയാൻ, റവ. ജോസ് ടി ജോർജ്ജ്, പാസ്റ്റർ ബി. മോനച്ചൻ എന്നിവർ പ്രസംഗിക്കും. 30 ന് വെള്ളിയാഴ്ച രാവിലെ 10 മുതൽ 1 വരെ പൊതു ഉപവാസ പ്രാർത്ഥന കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. യെരുശലേം വോയിസ് ഏഴംകുളം ഗാനശുശ്രൂഷ നിർവ്വഹിക്കും.

വിവരങ്ങൾക്ക്: ഷാജി ജോൺ (പബ്ലിസിറ്റി കൺവീനർ) 9744242179, പാസ്റ്റർ ബിനോയ് എം ജോഷ്വാ (ജനറൽസെക്രട്ടറി) 8943309378, പാസ്റ്റർ തോമസ് ശാമുവേൽ(മന്ന) (പ്രയർ കൺവീനർ) 9074592884





മറ്റാരുണ്ട്..?!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

ധയനാമിറ്റ് കണ്ടുപിടിച്ച സ്വീഡീഷ് ശാസ്ത്രജ്ഞൻ ആൽഫ്രഡ് നൊബേലിന്റെ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന വിശ്വപ്രസിദ്ധമായ അവാർഡാണ് നൊബേൽ സമ്മാനം. ഫിസിക്സ്, കെമിസ്ട്രി, മെഡിസിൻ, സാഹിത്യം, സമാധാനം, സാമ്പത്തികശാസ്ത്രം എന്നീ മേഖലകളിൽ സമൂഹത്തിന് വലിയ സംഭാവനകൾ നല്കിയിട്ടുള്ളവരെയാണ് വർഷംതോറും ഈ പുരസ്കാരത്തിന് പരിഗണിക്കുന്നത്. മരണാനന്തര ബഹുമതിയായി ഈ അവാർഡ് നല്കുന്നതല്ല. 1901 മുതൽ ഈ അവാർഡ് ആളുകൾക്ക് നല്കിവരുന്നു. ഇതുവരെ ഈ പുരസ്കാരം ലഭിച്ച ആരും അതിന് തങ്ങളാണ് ഏറ്റവും അർഹരെന്നും അതുകൊണ്ട് അത് തങ്ങൾക്ക് നല്കണം എന്നും അവകാശവാദം ഉന്നയിക്കുകയോ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ഒരു വ്യക്തിയോ ഒരു സംഘടനയോ ഏകപക്ഷീയമായി ജേതാക്കളെ തീരുമാനിക്കുകയല്ല. ഓരോ വിഷയത്തിനും വെവ്വേറെ നൊബേൽ കമ്മറ്റികളാണ് ജേതാക്കളെ തിരഞ്ഞെടുക്കുന്നത്.

എന്നാൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് 2019 മുതൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം തനിക്കാണ് നല്കേണ്ടത്; മറ്റാരേക്കാളും താനാണ് അതിന് ഏറ്റവും അർഹൻ എന്ന് സ്വയം അവകാശവാദം നടത്തിക്കൊണ്ടിരിക്കുന്നു! പക്ഷേ, അവാർഡ് കമ്മറ്റിക്ക് ഇതുവരെയും അത് അങ്ങ് ബോധ്യമായിട്ടില്ല.

അദ്ദേഹത്തിന്റെ ഈ വലിയ ഇച്ഛാഭംഗം മാറ്റാൻ വെനസ്വേലയുടെ പ്രതിപക്ഷനേതാവ് തീരുമാനിച്ചു. ഒളിമ്പിക്സ് മത്സരത്തിൽ ഓട്ടത്തിന് സ്വർണ്ണമെഡൽ കിട്ടിയ ആൾ, ആ മെഡൽ തനിക്കുവേണമെന്ന് പറഞ്ഞ് ഗാലറിയിൽ ഇരുന്ന് വാശിപിടിച്ച് കരയുന്ന ഒരു കൊച്ചുബാലനെ ശ്രദ്ധിച്ചു, അവനെ സാന്ത്വനിപ്പിക്കാനായി അതെടുത്ത് അവന്റെ കയ്യിൽ കൊടുക്കുന്നതുപോലെ, കഴിഞ്ഞ വർഷത്തെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം കിട്ടിയ മരിയ കോറിനാ മക്കാഡോ എന്ന വെനസ്വേലയുടെ പ്രതിപക്ഷനേതാവ് ട്രമ്പിനെ ചെന്നുകണ്ട് തനിക്കു കിട്ടിയ സമ്മാനം അദ്ദേഹത്തിന് കൊടുത്തിട്ടുപോയി!!

അതുകൊണ്ട് ട്രമ്പിന്റെ സങ്കടം മാറ്റാമെന്ന് അവർ കരുതിക്കാണും. പക്ഷേ, സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിക്കാൻ താൻ തന്നെയാണ് ഏറ്റവും യോഗ്യനെന്ന് ഈ വർഷവും ട്രമ്പ് അവകാശപ്പെട്ടു. (നിർ)ഭാഗ്യവശാൽ അത് മറ്റൊരു വനിതയ്ക്കാണ് ലഭിച്ചത്. മക്കാഡോ ചെയ്തതുപോലെ അവരും അത് ട്രമ്പിന് സമ്മാനിക്കുമോ എന്ന് അറിഞ്ഞുകൂടാ!



പണത്തിനായുള്ള അത്യാഗ്രഹവും അധികാരത്തിനായുള്ള മോഹവും മഹത്വത്തിനായുള്ള അഭിനിവേശവും ഒരുമിച്ച് മനുഷ്യനെ കീഴ്പ്പെടുത്തുമ്പോൾ അയാൾ അത്യുന്നതനോട് സമനാകുവാൻ ഹൃദയത്തിൽ നിരൂപിച്ച പിശാചിന്റെ പാതയിൽ ആയിരിക്കും സഞ്ചരിക്കുക.

വിചിത്രമെന്ന് തോന്നാം; അഡോൾഫ് ഹിറ്റ്ലർ, ജോസഫ് സ്റ്റാലിൻ മുതലായവരും സമാധാനത്തിന് ഉള്ള നൊബേൽ സമ്മാനം കിട്ടുവാൻ അർഹരാണെന്ന് അവരുടെ അനുയായികൾ അഭിപ്രായപ്പെട്ടിട്ടുണ്ട് (പക്ഷേ അവർതന്നെ അത്തരം പ്രഖ്യാപനങ്ങൾ നടത്തിയിരുന്നില്ല).

കേരളത്തിലെ 2026-നിയമസഭാ തിരഞ്ഞെടുപ്പിൽ തങ്ങളുടെ മുന്നണിയല്ലാതെ മറ്റാര്? എന്ന ആപ്തവാക്യത്തോടൊപ്പം "ഞാനല്ലാതെ മറ്റാര്?" എന്ന മട്ടിൽ അന്നത്തെ മുഖ്യമന്ത്രിയുടെ ചിത്രവും വച്ചുള്ള പ്രചാരണം പക്ഷേ ഭൂരിപക്ഷം ജനങ്ങൾക്കും സ്വീകാര്യമായില്ല!

ബൈബിളിലെ എസ്ഥേറിന്റെ പുസ്തകത്തിൽ, പേർഷ്യയിലെ അഹശ്വേരോശ് രാജാവ് പ്രധാനമന്ത്രിയാക്കിവച്ച ഹാമാൻ എന്ന 'മഹാൻ' നിഗളവും അഹന്തയും നിറഞ്ഞ ഒരു ദുഷ്ടനായിരുന്നു. തന്റെ എതിരാളിയായി യഹൂദനായ മൊർദ്ദേഖായിയെ കണക്കാക്കി അയാൾ രാജാവിനോട് യഹൂദന്മാരെ മുഴുവനും കൊന്നുമുടിക്കാനുള്ള അനുമതി സൂത്രത്തിൽ നേടിയെടുത്തു. പക്ഷേ, അതിന് നിശ്ചയിച്ച സമയം വരെ കാത്തിരിക്കാൻ ക്ഷമയില്ലാതെ മൊർദ്ദേഖായിയെ ഉടൻ വധിക്കാനുള്ള പ്രത്യേക അനുമതിക്കായി അദ്ദേഹം ഒരു ദിവസം പുലർച്ചെ കൊട്ടാരത്തിൽ എത്തി. എന്നാൽ ആ കാര്യം ചോദിക്കുന്നതിന് ഓങ്ങുമ്പോഴേക്കും രാജാവ് അയാളോട് മറ്റൊരു ചോദ്യം ചോദിച്ചു: "രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്നയാളിനെ എങ്ങനെയെല്ലാമാണ് ബഹുമാനിക്കേണ്ടത്?" അത് കേട്ടപ്പോൾ ഹാമാൻ "എന്നെയല്ലാതെ മറ്റാരെ രാജാവ് ഇത്രയധികം ബഹുമാനിക്കും?" എന്ന് ആത്മഗതം ചെയ്തതായി വചനം രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷേ ആ വിചാരം തെറ്റായിരുന്നു എന്ന് താൻ വൈകാതെതന്നെ മനസ്സിലാക്കി. താൻ ഒട്ടും പ്രതീക്ഷിക്കാതിരുന്ന തന്റെ എതിരാളിയായ മൊർദ്ദേഖായിയെ ആയിരുന്നു രാജാവ് ബഹുമാനിക്കാൻ തീരുമാനിച്ചത്! അത് അയാൾ മുമ്പൊരിക്കൽ രാജാവിന്റെ ജീവൻ രക്ഷിക്കുവാനായി സംസാരിച്ചുവെന്നതു നിമിത്തമായിരുന്നു.

ഞാനല്ലാതെ മറ്റാര്? എന്ന ചിന്ത മാറിയിട്ട്, "നീയല്ലാതെ മറ്റാരുമില്ല" എന്ന് ദൈവമുമ്പാകെ തിരിച്ചറിയുന്നവർ വിനയമുള്ളവരായിത്തീരും. പത്ത് ലക്ഷം പേരുമായി യുദ്ധത്തിന് വരുന്ന ശത്രുക്കളെക്കുറിച്ച് ഓർത്ത് ദൈവസന്നിധിയിൽ വിനയത്തോടെ ആസാ രാജാവ് പ്രാർത്ഥിച്ചത്: "യഹോവേ, ബലവാനും ബലഹീനനും തമ്മിൽ കാര്യമുണ്ടായാൽ സഹായിപ്പാൻ നീയല്ലാതെ മറ്റാരുമില്ല" എന്നായിരുന്നു. ആ നിലവിളി കേട്ട് ദൈവം ആസയ്ക്ക് അത്ഭുത വിജയം നല്കി.

"മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല" (അപ്പോ. പ്ര. 4:12) എന്ന് തിരുവെഴുത്ത് പറയുന്നു.

വെളിപ്പാട് പുസ്തകത്തിൽ, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കൈയിൽനിന്ന് "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്രപൊട്ടിക്കാനും യോഗ്യൻ ആരുള്ളൂ?" എന്ന് ചോദിക്കുന്നത് കേട്ട് ആരെയും കാണാത്തതിനാൽ യോഹന്നാൻ കരഞ്ഞുവെന്ന് പറയുന്നുണ്ട്. മൂപ്പന്മാരിൽ ഒരുത്തൻ യോഹന്നാനെ ആശ്വസിപ്പിക്കുന്നത് ദൈവകുഞ്ഞാടായ ക്രിസ്തുയോഗ്യനെന്ന് വെളിപ്പെടുത്തിക്കൊണ്ടാണ്.

ഞാനാണ് യോഗ്യൻ, ഞാനല്ലാതെ മറ്റാര്? എന്നെയല്ലാതെ മറ്റാരെ? എന്നെല്ലാമുള്ള ചിന്തകൾ വെളിപ്പാട് ലഭിക്കാത്തവരുടെ ഉള്ളിൽ കുടികൊള്ളുന്നു. എന്നാൽ "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്നരുളിച്ചെയ്ത ക്രിസ്തുവിനെ തേജസ്സോടെ ദർശിച്ചാൽ അഗ്നിജ്വാലപോലെയുള്ള കണ്ണുകളും ഹിമത്തോളം വെണ്മയുള്ള തലയും തലമുടിയും സൂര്യനെപ്പോലെയുള്ള മുഖവും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ശബ്ദവും ഉള്ള ദൈവപുത്രന്റെ മുമ്പിൽ നാം മരിച്ചവനെപ്പോലെ വീഴുകതന്നെ ചെയ്യും! കുഞ്ഞാടേ നീ യോഗ്യൻ, നീ അറുക്കപ്പെട്ടു...എന്ന് ഏറ്റുപറഞ്ഞ് അവന്റെ മുമ്പാകെ കുമ്പിടും. നമ്മുടെ കിരീടങ്ങളെല്ലാം അവന്റെ മുമ്പാകെ താഴെയിടും.

പരമോന്നത കോടതിയിലുള്ള പ്രതീക്ഷ....

(1-ാം പേജ് തുടർച്ച)

പേരുകൾ അന്യായമായി നീക്കം ചെയ്യുന്നതും ഉൾപ്പെടുത്തുന്നതും ചൂണ്ടിക്കാട്ടി മാസങ്ങളോളം സുപ്രീം കോടതിയിൽ വാദിച്ചെങ്കിലും യാതൊരു ആശ്വാസവും ലഭിച്ചില്ലെന്ന് സിബൽ ആരോപിച്ചു. പശ്ചിമ ബംഗാളിലെ അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ എത്തിയ അപ്പീലുകളിൽ 93 ശതമാനത്തിലും വോട്ടർമാരുടെ പേരുകൾ പുനഃസ്ഥാപിക്കപ്പെട്ടത് പേരുകൾ തെറ്റായി നീക്കം ചെയ്തതിന് തെളിവാണെന്നും, ഇത്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടും ഇടപെടലുണ്ടായില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സമാധാനപരമായി പ്രതിഷേധിക്കാൻ എത്തിയ യുവാക്കളെയും അഭിഭാഷകരെയും ട്രെയിനുകളിലും വിമാനങ്ങളിൽ വച്ച് പോലും പോലീസ് നിയമവിരുദ്ധമായി കസ്റ്റഡിയിലെടുക്കുകയാണെന്ന് സിബൽ കുറ്റപ്പെടുത്തി. കർണാടക, പശ്ചിമ ബംഗാൾ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിഷേധക്കാരെ ബി.എൻ.എസ്.എസ്. 163ാം വകുപ്പ് പ്രകാരം കസ്റ്റഡിയിലെടുത്ത് അറിയപ്പെടാത്ത കേന്ദ്രങ്ങളിലേക്ക്മാറ്റുകയായിരുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി. ഡൽഹിയിലേക്ക് ആളുകൾ എത്താതിരിക്കാൻ മെട്രോ സ്റ്റേഷനുകൾ അടയ്ക്കുകയും ട്രെയിനുകൾ റദ്ദാക്കുകയും ചെയ്ത പോലീസ് നടപടിയെയും അദ്ദേഹം വിമർശിച്ചു.

ചീഫ് ജസ്റ്റിസിനോട് അസംതൃപ്തിയുണ്ടോ എന്ന ചോദ്യത്തിന്, അഭിഭാഷകർ എന്ന നിലയിൽ സംതൃപ്തിയോ അസംതൃപ്തിയോ ഉള്ള വിഷയമില്ലെന്നും, നീതികേട് നടക്കുമ്പോൾ ജനങ്ങൾക്കുവേണ്ടി കേസ് നടത്തുക എന്നതാണ് തങ്ങളുടെ ചുമതലയെന്നും സിബൽ മറുപടി നൽകി. എങ്കിലും വ്യക്തിപരമായ നിലപാടിൽ, സുപ്രീം കോടതിയിൽ നിന്ന് ഇനി വലിയ ആശ്വാസമൊന്നും പ്രതീക്ഷിക്കുന്നില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കടവുംഭാഗം ജ്യൂത സിനഗോഗ് ആക്രമണത്തിന് പിന്നിൽ....

(1-ാം പേജ് തുടർച്ച)

പറഞ്ഞു. ഇ യാൾ ബോസിലേക്ക് എത്തിയതുസം ബന്ധിച്ച് അന്വേഷണം പുരോഗമിക്കു കയാണ്.

പ്രതിയെ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) ചോദ്യം ചെയ്തു. രാജ്യാന്തര ഭീകരവാദ ബന്ധം സംശയിക്കുന്ന സാഹചര്യത്തിൽ അന്വേഷണം എൻഐഎ ഏറ്റെടുത്തേക്കും. എൻ ഐഎയെ കൂടാതെ എബിനെ ഐ ബി, റോ ഉദ്യോഗസ്ഥരും മണിക്കൂറുകളോളം ചോദ്യംചെയ്തു. കേസന്വേഷണത്തിനായി കൊച്ചി സിറ്റി ഡെപ്യൂട്ടി പൊലിസ് കമ്മിഷണർ അരുൺ കെ. പവിത്രന്റെ മേൽനോട്ടത്തിൽ എറണാകുളം സെൻട്രൽ അസിസ്റ്റന്റ് കമ്മിഷ ണർ സിബി ടോമിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘംരൂപീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ തിങ്കളാഴ്ച പുലർച്ചെ രണ്ടരയോടെയാണ് സിനഗോഗിനു മുന്പുള്ള ബ്ലോസം നഴ്സറിക്കു പ്രതി തീയിട്ടത്. കാറിൽ എത്തിയ പ്രതി വാഹനത്തിൽനിന്നിറങ്ങി കൈവശമുണ്ടായിരുന്നപെട്രോളൊഴിച്ച് നഴ്സറിയുടെ പ്രചാരണ സാമഗ്രികൾക്കും ഫ്ലക്സുകൾക്കും തീകൊളുത്തുകയായിരുന്നു. കുറ്റകൃത്യത്തിന്റെ ദൃശ്യങ്ങൾ സ്വന്തം ഫോണിൽ പകർത്തിയശേഷമാണ് ഇയാൾ കടന്നുകളഞ്ഞത്.സംഭവം ശ്രദ്ധയിൽപ്പെട്ടതോടെ അന്വേഷണം ആരംഭിച്ച പൊലിസ് സിസി ടിവി ദൃശ്യങ്ങളുടെയും 150 ഓളം പേരിൽനിന്നുള്ള വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സൈബർ സെല്ലിന്റെ സഹായത്തോടെയാണു പുത്തൻകുരിശിലെ വാടകവീട്ടിൽ ഒളിച്ചിരിക്കുകയായിരുന്ന പ്രതിയെ പിടികൂടിയത്. പ്രതിയുടെ മൊബൈൽ ഫോൺ ഉൾപ്പടെയുള്ള ഡിജിറ്റൽ തെളിവുകൾ ഫോറൻസിക് പരിശോധനയ്ക്കു വിധേയമാക്കും. ഇതിന്റെ ഫലം വന്നതിനുശേഷം മാത്രമേ ഗൂഢാലോചന ഉൾപ്പടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരൂ. പ്രതിയെ കസ്റ്റഡിയിൽ ചോദ്യം ചെയ്യാനൊരുങ്ങുകയാണ് പൊലിസ്.

മണ്ണിനടിയിൽ നിന്ന് പുറത്തുവന്ന...

(1-ാം പേജ് തുടർച്ച)

തൽ വിവരങ്ങൾ നൽകുന്നു.

ഈ കണ്ടെത്തലിന്റെ ഏറ്റവും വലിയ പ്രത്യേകത, ഈ പ്രദേശത്ത് മുമ്പ് അറിയപ്പെടാത്ത ഒരു യഹൂദ കുടിയേറ്റം ഉണ്ടായിരുന്നുവെന്ന സൂചന ലഭിച്ചതാണ്. യേശുവിന്റെ കാലത്ത് ഈ പ്രദേശത്ത് ജനങ്ങൾ ജീവിക്കുകയും ആരാധനാചാരങ്ങൾ പാലിക്കുകയും ചെയ്തിരുന്നു എന്നതിന് ഇത് മറ്റൊരു തെളിവായി മാറുന്നു.

നിർമാണം പൂർത്തിയായ ശേഷം ഈ പുരാതന കുളം വീണ്ടും അതേ സ്ഥലത്തേക്ക് കൊണ്ടുവന്ന് പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കാനാണ് അധികൃതരുടെ പദ്ധതി.

ഇത് വെറും പഴയൊരു കൽക്കുളമല്ല. ഏകദേശം 2,000 വർഷങ്ങൾക്ക് മുമ്പ് ഇവിടെ ജീവിച്ചിരുന്ന ആളുകളുടെ വിശ്വാസവും ജീവിതവും ഓർമ്മിപ്പിക്കുന്ന ഒരു നിശ്ശബ്ദ സാക്ഷ്യമാണ് ഇത്.

ചരിത്രം ചിലപ്പോൾ പുസ്തകത്താളുകളിൽ നിന്ന് മാത്രമല്ല, മണ്ണിനടിയിൽ നിന്ന് ഒരു വലിയ ക്രെയിനിൽ കയറിയും പുറത്തുവരും.

ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ
മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും
നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM
Phone - 22411060, Mob: 9382599333

MM 70/26 Syrian Christian Pentecostal parents invite proposal for their daughter 28 (15 July 1998), MBA, Worked at Ernst and Young as Tax Analyst. Now working at Deloitte. Seeking alliance from parents of spiritual and educated boys.

Ph: 9447069885
9447248221

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 69/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. 40 വയസ്സ്, 150 സെ.മീ. ഉയരം. പുനർ വിവാഹം. കുവൈറ്റിൽ ജോലി. രക്ഷിക്കപ്പെട്ടു ദൈവ കൃപയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9539927758,
+96569603367 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 68/26 ചേരമർ ക്രിസ്ത്യൻ സി.എ സ്സ്.ഐ. സഭാംഗമായ യുവാവ്. 41 വയസ്സ്, 160 സെ.മീ. ഉയരം. കോട്ടയം കുമരകത്ത് റിസോർട്ടിൽ ജോലി. പുനർ വിവാഹം. ബാധ്യതകൾ ഒന്നുമില്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

6238207715

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 67/26 ചേരമർ ക്രിസ്ത്യൻ സി.എ സ്സ്.ഐ. സഭാംഗമായ യുവതി. 40 വയസ്സ്. ബി.എ സ്സ്.സി. നെഴ്സ്. കേരളത്തിൽ സ്വകാര്യ ആശുപത്രിയിൽ ജോലി. പുനർ വിവാഹം. ബാധ്യതകൾ ഇല്ലഅനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

6238207715

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 66/26 പെന്തെക്കോസ്ത് യുവാവ്. 40 വയസ്സ്, 150 സെ.മീ. ഉയരം. പുനർ വിവാഹം. കുവൈറ്റിൽ ജോലി. രക്ഷിക്കപ്പെട്ട് ദൈവകൃപയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9539927758,
+96569603367 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 65/26 കോട്ടയത്തെ പ്രമുഖ സ്വകാര്യസ്ഥാപനത്തിൽ ജോലിയുള്ള ഹൈന്ദവ പശ്ചാത്തലത്തിൽ നിന്ന് പന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 32 വയസ്സ് 168 സെ.മീ. ഉയരം.അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ജാതി ഏതുമാകാം.

9567045696, 8139066416

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 64/26 കോട്ടയത്തുള്ള ഡിസ്റ്റിബ്യൂഷൻ കമ്പനിയിൽ ജോലിയുള്ള യാക്കോബായ സഭാംഗമായ യുവാവ്. 33 വയസ്. +2, ഐ.റ്റി. ഐ., അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9605122023,
9544205573

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 63/26 മധ്യ തിരുവിതാം കൂറിലെ എയ്ഡഡ് സ്കൂളിൽ സ്ഥിരം ജോലിയുള്ള ബ്രദറൺ യുവാവ്. 36 വയസ്. 175 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

7510358336

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 62/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ. മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206


❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 60/26 US-settled, God-fearing Christian boy (26), professionally qualified with degree in business studies, currently employed with a multinational company, well-settled, talented, and family-oriented. Parents are seeking a suitable God-fearing Christian girl, preferably from the medical field, for marriage. For further details, please contact:

469-858-2999

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 59/26 Syrian Christian Pentecostal parents from Pathanamthitta District invite suitable proposals for their son,



ഏദനിൽ നിന്ന് ഗെതസെമനയിലേക്ക്

എ.ഐ. ജോർജ്ജുകുട്ടി

വില : 100/- പേജ് : 112

DEEPTHI PUBLICATIONS
Planthottam Complex, Tiruvalla-1 Kerala, India.
9961720195 / 9961103983



45 yrs, widower since 7 years, Pastoring a church and involved in church planting ministry across India, with B.A, M.Div, ITES and persuing Doctorate from a reputed international University.
Parents of suitable girls/widows who have a calling for full-time ministry please contact

+91 9847854225

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 58/26 CNI parents Mumbai invite proposals for their daughter, 32, DOB: 03.11.1993, 5.2ft, B.Sc. Zoology, B.Ed. MSc., M.Ed., MA English Literature., MSW, Teacher. Seeking suitable alliance from God fearing ministry minded person from anywhere in India or abroad. Better job or Business person.

9969819656
Email:
chauhansurekha311@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 57/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 56/26 ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ്. 29 വയസ്. 162 സെ.മീ.ഉയരം. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ. കൊച്ചിയിൽ സ്റ്റാർ ഹോട്ടലിൽ എഫ്& ബി. മാനേജരായി ജോലി. അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.'

9567525255, 9744043028

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 55/26 തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹമോചിതയായ പെന്തക്കോസ്ത് യുവതി. 28 വയസ്. 150 സെ.മീ., ബി.എ.,അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9744632187

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 53/26 Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

9446685615

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി.എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

WhatsApp +9181130 34181
or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

Ph: 9444951080, 9382599333
ckreji@gmail.com,
ckreji@hotmail.com


❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101
www.maruppacha.com

മരുപ്പച്ച
സമകാലിക പത്രിക

20 ഒക്ടോബർ 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 20 -10 - 2026









Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.